

എസ്. ഹരികിഷോർ ഐ.എ.എസ്

# പ്രൊഡ്യൂസർ കമ്പനികൾ

## സംരംഭക കൂട്ടായ്മയുടെ മുന്നേറ്റം

പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെയും സാമൂഹ്യ പുരോഗതിയിലൂടെയും സ്ത്രീശാക്തീകരണത്തിലൂടെയും ദാരിദ്ര്യലഘൂകരണം നടത്തുകയാണല്ലോ കുടുംബശ്രീയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മൈക്രോ എന്റർപ്രൈസ് അഥവാ ചെറിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ. കാന്റീൻ യൂണിറ്റുകൾ, തയ്യൽ യൂണിറ്റുകൾ, പലഹാര യൂണിറ്റുകൾ എന്നിങ്ങനെ തുടങ്ങി നിർമാണ മേഖലയിലും, പ്രിന്റിംഗ് മേഖലയിലും മൃഗസംരക്ഷണ മേഖലയിലും, സേവന മേഖലയിലുമെല്ലാം കൂടി 30,000-ൽപ്പരം സംരംഭങ്ങളാണ് കുടുംബശ്രീ പദ്ധതികൾ തുടങ്ങിയിട്ടുള്ളത്. 50,000-ൽപ്പരം കാർഷിക സംഘങ്ങളും (ജെ.എൽ.ജി) കേരളത്തിൽ ഇന്നുണ്ട്.

ഇത്തരം ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംരംഭങ്ങൾ തുടങ്ങാൻ വേണ്ട പരിശീലനം നൽകുകയും സംരംഭങ്ങൾക്കുള്ള വിവിധ ധനസഹായങ്ങളും കൈത്താങ്ങും നൽകലും അത്യാവശ്യം വിപണന സഹായം ഉറപ്പാക്കലുമൊക്കെ കുടുംബശ്രീയുടെ ചുമതലയാണ്. കുടുംബശ്രീ പ്രസ്ഥാനത്തിന് തുടക്കമിട്ട് 20 വർഷം പിന്നിടുമ്പോൾ മൈക്രോ സംരംഭങ്ങളുടെ അടുത്ത തലത്തെക്കുറിച്ച് ചിന്തിക്കാനും സംരംഭങ്ങളെ കൈപിടിച്ചുയർത്താനും സമയമായെന്നു കാണാം.

സമാന സ്വഭാവമുള്ള സംരംഭങ്ങളുടെ കൂട്ടായ്മ സ്ഥാപിച്ച് അവയെ കൂടുതൽ ലാഭത്തിലേക്കു നയിക്കുകയാണ് ഇത്തരത്തിൽ ചെയ്യേണ്ട നൂതനമായ കാര്യങ്ങളിൽ പ്രധാനപ്പെട്ടത്. സ്വയം പര്യാപ്തത ലക്ഷ്യമാക്കി ഉൽപാദകർക്കു തന്നെ അംഗത്വമുള്ള പ്രൊഡ്യൂസർ കമ്പനികൾ ഉണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയാണ് ഇതിൽ ചെയ്യാൻ സാധിക്കുന്ന മറ്റൊരു ലക്ഷ്യം. പൊതു സ്വഭാവമുള്ള സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് പൊതുവായ ഉൽപാദനം ലക്ഷ്യമാക്കിയുള്ള മെഷിനറികൾ വാങ്ങുവാൻ സഹായം ചെയ്ത് സംരംഭങ്ങളുടെ 'കളക്ടീവ്സി'ലേക്ക് ഈ വർഷം മുതൽ നാം പ്രവർത്തനം വ്യാപിപ്പിക്കുകയാണ്. കൂടാതെ നിലവിലുള്ള അഞ്ച് പ്രൊഡ്യൂസർ കമ്പനികൾക്ക് കൂടുതൽ പരിശീലനം നൽകി അവയെ ശാക്തീകരിക്കുകയും പുതിയ പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങാൻ വേണ്ട പ്രാരംഭ നടപടികളിലേക്ക് ഇപ്പോൾ കടക്കുകയും ചെയ്യുന്നുണ്ട്.

ഓരോ ജില്ലയിലും സമാന സ്വഭാവമുള്ള മൈക്രോ എന്റർപ്രൈസുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ വേണ്ട നടപടികൾക്ക് ഈ സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു ടെയ്‌ലറിംഗ് യൂണിറ്റുകൾ, അരിപ്പൊടി, മുളകുപൊടി തുടങ്ങിയവ നിർമിക്കുന്ന യൂണിറ്റുകൾ, സിമന്റ് ബ്രിക്സ് നിർമാണം എന്നീ മേഖലകളിലാണ് ആദ്യഘട്ടത്തിൽ 'കളക്ടീവ്സിന്' ഡിമാന്റ് വന്നത്. 14 ജില്ലകളിലും ഇപ്രകാരം ഏറ്റവും സാധ്യതയുള്ള ഒരു മേഖലയിൽ പൊതു സേവനകേന്ദ്രം തുടങ്ങാൻ വേണ്ട പ്രോജക്ടുകൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. മൂന്ന് മാസത്തിനകം കേരളത്തിലുടനീളം കുടുംബശ്രീയുടെ 'ക്ലസ്റ്ററുകൾ' വരുന്നുവെന്ന പുതിയ ഒരു തുടക്കത്തിലേക്ക് നാം നീങ്ങുകയാണ്.

സമാന സ്വഭാവമുള്ള സംരംഭങ്ങളുടെ കൂട്ടായ്മ രൂപീകരിക്കുന്നതിലൂടെ കൂടുതൽ ഉല്പാദനം സാധ്യമാവുകയാണ്. വലിയ ഓർഡറുകൾ നേടാനും, ഒരുമിച്ച് സംഘടിച്ച് വിലപേശാനും, നേരിട്ട് ഒരുമിച്ചുള്ള അസംസ്കൃത വസ്തുക്കളുടെ വാങ്ങലിലൂടെ കൂടുതൽ ലാഭം നേടാനുമൊക്കെ സാധിക്കുന്നു. ഇതുകൂടാതെ ഓരോ സംരംഭകനും ഒറ്റയ്ക്ക് വാങ്ങാൻ സാധിക്കാത്ത മെഷിനറികൾ വാങ്ങി പൊതു സേവനകേന്ദ്രത്തിൽ സ്ഥാപിച്ച് ആവശ്യാനുസരണം എല്ലാവർക്കും ഉപയോഗിക്കാനും ഈ തുടക്കത്തിലൂടെ സാധിക്കുന്നു. ഇപ്രകാരം ഒരുമിച്ച് വാങ്ങുകയും ആധുനിക മെഷിനറി സൗജന്യമായി ഉപയോഗിക്കുകയുമൊക്കെ ചെയ്യുമ്പോൾ ഉൽപാദന ചെലവ് കുറയ്ക്കാനും ലാഭം കൂട്ടാനും സാധിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. കൂടാതെ കൂട്ടായ്മയിലൂടെ കൂടുതൽ ഫണ്ടുകളും ലോണുകളും ധനസഹായവും സാധ്യമാവുന്നു. ബ്രാൻഡിങ്ങിലേക്കും സപ്ലൈ ചെയിനിലേക്കുമൊക്കെ നീങ്ങാൻ ഓരോ കൂട്ടായ്മയ്ക്കും സാധിക്കുന്നു. വിപണന സാധ്യതകളും കയറ്റുമതിയിലേക്കു കടക്കാനുള്ള സാധ്യതകളും ഏറുന്നു.

ഇപ്രകാരം രൂപീകരിക്കുന്ന കളക്ടീവ്സിന്റെ അടുത്ത തലമാണ് 'പ്രൊഡ്യൂസർ കമ്പനികൾ'. ഉൽപാദകർ തന്നെ അംഗങ്ങളായിട്ടുള്ള ഇത്തരം കമ്പനികൾ സ്വയംപര്യാപ്തതയിലേക്ക് പോകാൻ ഓരോ സംരംഭകനും പ്രോത്സാഹനം നൽകുന്നു. കൂടാതെ ലാഭവിഹിതം ലഭിക്കുന്നതു വഴി മെച്ചപ്പെട്ട വരുമാനത്തിലേക്കും നയിക്കുന്നു.

കേരളത്തിൽ ഇന്ന് അഞ്ച് പ്രൊഡ്യൂസർ കമ്പനികളാണ് കുടുംബശ്രീയുടേതായിട്ടുള്ളത്. തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി, ആലംകോട് അഗ്രോ പ്രൊഡ്യൂസർ കമ്പനി, ഇമശ്രീ മിൽക്ക് പ്രൊഡ്യൂസർ കമ്പനി, കണ്ണൂർ ഗോട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, ബാണ അഗ്രോ പ്രൊഡ്യൂസർ കമ്പനി എന്നീ 5 കമ്പനികളുടെയും നേതൃനിരയ്ക്ക് ആവശ്യമായ പരിശീലനം നൽകാൻ ഈ വർഷം സാധിച്ചു. കമ്പനിയിലെ മുഴുവൻ അംഗങ്ങൾക്കായുള്ള തുടർ പരിശീലനവും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ഈ മാതൃകയിൽ വരും വർഷങ്ങളിൽ കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്ന തലത്തിലേക്ക് സംരംഭകരുടെ കൂട്ടായ്മകൾ ഉണ്ടാക്കി അവരെ പ്രാപ്തരാക്കാനാണ് ഏറ്റവും വലിയ ശ്രമം. വലിയ ലക്ഷ്യങ്ങൾ നേടാൻ വേണ്ടിയുള്ള ഇത്തരം ചെറിയ തുടക്കങ്ങൾ കുടുംബശ്രീയെ കൂടുതൽ ഉയരങ്ങളിലെത്തിക്കുന്നതിന്റെ തുടക്കമാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

